"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - മലപ്പുറം ജില്ല - വണ്ടൂർ ബ്ലോക്ക് - തിരുവാലി ഗ്രാമപഞ്ചായത്ത് - മൂച്ചിക്കൽ പുല്ലൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

G.O.(Rt)No.161/2026/DMD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. സ. ഉ. (സാധാ.) നം. 583/2023/ഡി.എം.ഡി. തീയതി, 21.09.2023

2. മലപ്പുറം ജില്ലാകളക്ടറുടെ 17.01.2026 -ലെ DC MPM/7431/2024-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട തിരുവാലി ഗ്രാമപഞ്ചായത്തിലെ മൂച്ചിക്കൽ - പുല്ലൂർ റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ റോഡ് പ്രവൃത്തി ചെയ്യാനിരുന്ന സൈറ്റിൽ ജൽജീവൻ മിഷൻ പ്രവൃത്തി നടന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ട സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം മലപ്പുറം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട തിരുവാലി ഗ്രാമപഞ്ചായത്തിലെ മൂച്ചിക്കൽ - പുല്ലൂർ റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും SDRF മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU C VARGHESE

ADDITIONAL SECRETARY

ജില്ലാകളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ് മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/55/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 16-03-2026 10:25:09
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്